## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ ഏലപ്പള്ളി ഗ്രാമപഞ്ചായത്തിലെ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. വി. രാമകൃഷ്ണനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2463/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/09/2018**

---

പരാമർശം:- 1 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 08.06.2017-ലെ ഡി10-16053/2015 നമ്പർ നടപടിക്രമങ്ങൾ

2 ശ്രീ. വി. രാമകൃഷ്ണൻ സമർപ്പിച്ച 14.06.2017-ൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച അപേക്ഷ

3 ശ്രീ. വി. രാമകൃഷ്ണൻ സമർപ്പിച്ച 19.07.2017-ലെ അപ്പീൽ അപേക്ഷ

4 സ.ഉ.(സാധാ) നം.3508/2017 തീയതി 01.11.2017

5 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.06.2018-ലെ ഡി10-16053/2015 നമ്പർ കത്ത്

### ഉത്തരവ്

പാലക്കാട് ജില്ലയിലെ എലപ്പള്ളി ഗ്രാമപഞ്ചായത്തിൽ വ്യാപകമായി നിലം/നഞ്ച/തണ്ണീർത്തടം എന്ന ഗണത്തിൽ വരുന്ന ഭൂമിയിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതായും ആയതിൽ ക്രമക്കേടുള്ളതായും ആർ.ഡി.ഒ. അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നേരിട്ട് പരിശോധന നടത്തിയതിൽ ആർ.ഡി.ഒ. യുടെ കത്തിൽ സൂചിപ്പിച്ചിരുന്ന ശ്രീമതി. ജയ, ശ്രീമതി. ശാന്തകുമാരി അമ്മ, ശ്രീ. സേതുമാധവൻ മുതൽപേരുടെ അപേക്ഷകൾ ഗ്രാമപഞ്ചായത്തിൽ കെ.പി.ബി.ആർ. ചട്ടം 133 പ്രകാരം നൽകിയിട്ടുള്ള അപേക്ഷകളാണെന്നും, ഈ നിർമ്മിതികളെല്ലാം നിലം ഭൂമിയാണെന്ന് അപേക്ഷയിൽ നിന്നുതന്നെ വ്യക്തമായിട്ടും ഒരു അപേക്ഷ പോലും സ്ഥലപരിശോധനയ്ക്ക് ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകുകയോ ഏതെങ്കിലും രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ വരുത്തുകയോ ചെയ്യാതെ സെക്ഷൻ ക്ലാർക്ക് കുറിപ്പ് പോലും തയ്യാറാക്കാതെ പഞ്ചായത്തിന് തടസ്സങ്ങൾ ഒന്നുമില്ല എന്ന സാക്ഷ്യപത്രം തയ്യാറാക്കി സെക്രട്ടറിയെക്കൊണ്ട് അംഗീകരിപ്പിച്ച് അപേക്ഷകർക്ക് നൽകുകയാണ് ചെയ്തത് എന്നും ജൂനിയർ സൂപ്രണ്ടിന്റെ മൊഴി പ്രകാരം സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. വി. രാമകൃഷ്ണൻ ജൂനിയർ സൂപ്രണ്ടിനെ ഫയൽ ഒന്നുംതന്നെ കാണിക്കാറില്ലായെന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണാനുമതി, കെട്ടിട നമ്പർ അനുവദിക്കൽ തുടങ്ങിയ വിഷയങ്ങളിൽ സെക്ഷൻ ക്ലാർക്ക് ശ്രീ. വി. രാമകൃഷ്ണന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വിഷയത്തിൽ നടപടിക്രമങ്ങൾ പാലിച്ച് ക്രമക്കേടുകൾക്കുത്തരവാദിയായ ഏലപ്പള്ളി ഗ്രാമപഞ്ചായത്തിലെ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. വി. രാമകൃഷ്ണനെ പരാമർശം (1) പ്രകാരം സേവനത്തിൽ നിന്നും നീക്കം ചെയ്ത് ഉത്തരവായിരുന്നു. തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിനെതിരെ ശ്രീ. വി. രാമകൃഷ്ണൻ പരാമർശം (2), (3) എന്നിവ പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. തുടർന്ന് ശ്രീ. വി. രാമകൃഷ്ണന്റെ അപ്പീൽ അപേക്ഷയിന്മേലുള്ള അന്തിമ തീർപ്പിന് വിധേയമായി പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) ഉത്തരവ് സ്റ്റേ ചെയ്ത് ശ്രീ. വി. രാമകൃഷ്ണനെ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ച് പരാമർശം (3) പ്രകാരം ഉത്തരവാകുകയും ചെയ്തു. തുടർന്ന് സർവ്വീസിൽ നിന്നു പിരിച്ചു വിട്ടുകൊണ്ടുള്ള ഡയറക്ടറുടെ തീരുമാനത്തിനെതിരെ സർക്കാരിൽ നൽകിയിരിക്കുന്ന അപേക്ഷ ചട്ടം 34 പ്രകാരം റിവ്യൂ ചെയ്യുന്നതിന് ഉത്തരവായത് പ്രകാരം അതിനുള്ള നടപടിയുടെ ഭാഗമായി ശ്രീ. വി. രാമകൃഷ്ണനെ നേരിൽ കേട്ടു.

പഞ്ചായത്തിൽ നടക്കുന്ന ക്രമക്കേടുകൾക്ക് വിശദീകരണം ചോദിക്കേണ്ടത് ഓഫീസിൽ തലവനെന്നനിലക്ക് പഞ്ചായത്ത് സെക്രട്ടറിയോടാണെന്നും ,എന്നാൽ അതുണ്ടായിട്ടില്ലായെന്നും പാവങ്ങൾക്ക് വീട്ടുവക്കുന്നതിനാണ് പെർമിറ്റ് നൽകിയിട്ടുള്ളതെന്നും, കൃഷി നിലമാണെങ്കിൽ വീടുവക്കുന്നതിനു അനുമതി നല്കാൻ പാടില്ലായെന്നു അറിയാമെങ്കിലും പഞ്ചായത്ത് ഭരണ സമിതിയിലെ അംഗങ്ങളുടെ നിർബന്ധത്തിനു വഴങ്ങിയാണ്ഇപ്രകാരം ചെയ്യേണ്ടിവന്നതെന്നും എനിക്കു മുമ്പുണ്ടായിരുന്ന ക്ലർക്കുമാരെല്ലാം അപ്രകാരമാണ് ചെയ്തിരുന്നതെന്നും മുൻ ക്ലാർക്ക് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തതെന്നും ,പഞ്ചായത്ത് സെക്രട്ടറിയേയും മറ്റുള്ളവരെയും രക്ഷപ്പെടുത്തുന്നതിനാണ് എനിക്കെതിരെ മാത്രം കുറ്റം ആരോപിച്ച് തന്നെ സേവനത്തിൽ നിന്നും പുറത്താക്കിയതെന്നും പെർഫോമൻസ് ആഡിറ്റ് പരിശോധനയുടെ ഭാഗമായോ ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനാ വേളയിലോ ഇത്തരം ക്രമക്കേടുകളെക്കുറിച്ച് തനിക്കു മുന്നറിയിപ്പോ നിർദ്ദേശമോ നൽകിയിരുന്നില്ലെന്നും, തന്റെ പേരും ഒപ്പും വ്യാജമായി ഫയലിൽ എഴുതിച്ചേർത്തു തന്നെ കുറ്റക്കാരനായി ചിത്രീകരിച്ചുവെന്നും, ജലസേചന വകുപ്പിൽ നിന്നും ലാസ്റ്റ് ഗ്രേഡ് സർവീസിൽ നിന്നും ബൈ-ട്രാൻസ്ഫർ മുഖേന എൽ.ഡി.സി ആയി പഞ്ചായത്ത് വകുപ്പിൽ വന്നതാണെന്നും സെക്രട്ടറി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് താൻ മേലുദ്യോഗസ്ഥരെ കാണിക്കാതെ അപേക്ഷകൾ സെക്രട്ടറിക്കു നല്കിയിരുന്നതെന്നും സെക്രട്ടറി അന്വേഷണം നടത്തി പെർമിറ്റ് അനുവദിക്കാൻ ആവശ്യപ്പെട്ടവയിൽ പെർമിറ്റ് അനുവദിച്ചു നല്കുക മാത്രമാണുണ്ടായതെന്നും അറിയിച്ചു. സെക്രട്ടറിയുടെ വാക്കാൽ നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തതെന്നും ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ സെക്ഷന്റെ ചുമതല വഹിക്കുന്നതിനു മുൻപ് 2010 മുതൽ ജനകീയാസൂത്രണം സംബന്ധിച്ച വിഷയമാണ് കൈകാര്യം ചെയ്തിരുന്നതെന്നും അന്നൊന്നും ഒരു ആരോപണങ്ങൾക്കും വിധേയനായിട്ടില്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. . ശ്രീ. രാമകൃഷ്ണനെതിരെ ആരോപിക്കപ്പെട്ട കുറ്റങ്ങളെ ഖണ്ഡിക്കുന്നതരത്തിലുള്ള കാര്യങ്ങളൊന്നും നേരിൽ കേട്ട വേളയിലോ ലഭ്യമാക്കിയ വിശദീകരണ പത്രികയിലോ ലഭ്യമാക്കിയിട്ടില്ല. ശ്രീ. രാമകൃഷ്ണനെ നേരിൽ കേട്ടതിന്റെയും ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടും രേഖകളും പരിശോധിച്ചതിൽ നിന്നും ആരോപണം നിലനിൽക്കുന്നതായി കാണുന്നു. കഠിന ശിക്ഷക്കുള്ള കുറ്റാരോപണ പത്രിക നൽകി വിശദീകരണ പത്രിക വാങ്ങി പരിശോധിച്ചു ചട്ടപ്രകാരമുള്ള ഔപചാരികമായ അന്വേഷണ നടത്തി നേരിൽ കേട്ടാണ് പഞ്ചായത്ത് ഡയറക്ടർ സർവീസിൽ നിന്നും ശ്രീ. രാമകൃഷ്ണനെ പുറത്താക്കുന്നതിനു തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിനാൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയില്ല എന്ന കാരണത്താൽ പഞ്ചായത്ത് ഡയറക്ടറുടെ തീരുമാനം റദ്ദ് ചെയ്യാൻ സാധിക്കുകയില്ല. ആരോപിക്കപ്പെട്ടതും തെളിയിക്കപ്പെട്ടതുമായ കുറ്റത്തിന്റെ വ്യാപ്തി പരിഗണിക്കുമ്പോൾ ശിക്ഷക്ക് അർഹനാണെന്നു കാണുന്നു. 2006 മുതൽ പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ തുടർന്ന് വരുകയാണെങ്കിലും ഇതിനു മുൻപ് അച്ചടക്ക നടപടിക്ക് വിധേയമായിട്ടില്ലയെന്നു കാണുന്നസാഹചര്യവും പരിഗണിച്ചു സേവനത്തിൽ നിന്നും പുറത്താക്കുക എന്ന കഠിന ശിക്ഷ നൽകിയത് പുനഃപരിശോധിച്ചു കെ.എസ്.& എസ്.എസ്.ആർ.ലെ ചട്ടം 34 (ബി) പ്രകാരം ശിക്ഷയിൽ കുറവ് വരുത്താവുന്നതാണ്എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ഏലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ മുൻ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. വി. രാമകൃഷ്ണന്റെ 2 വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിതഫലത്തോടെ തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹനദാസ്**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. വി. രാമകൃഷ്ണൻ, മുൻ സെക്ഷൻ ക്ലാർക്ക്, ഏലപ്പുള്ളി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/147/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ